# വിശ്വാസപരിശീലന കേന്ദ്രം

## വിശ്വാസപരിശീലന വർഷം 2019-2020

**പ്രമേയം: പ്രത്യാശ**

**ആപ്തവാക്യം: പ്രത്യാശയുടെ ദൈവമക്കൾ: യേശുവിലാണെൻ പ്രത്യാശ, വചനമാണെൻ വഴികാട്ടി**

വിശ്വാസപരിശീലനത്തിന്റെ പുതിയ ഒരു വർഷം ആരംഭിക്കുകയാണല്ലോ. പ്രത്യാശ എന്ന പ്രമേയത്തെ മുൻനിറുത്തിയുള്ള പദ്ധതികളും പ്രവർത്തനങ്ങളും ഓരോ ഇടവകയിലും നടത്തുവാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. അതിരൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിന് ബ. വികാരിയച്ചന്മാരും ബ. സിസ്റ്റേഴ്സും വേദപാഠാദ്ധ്യാപകരും നൽകുന്ന സഹകരണത്തിനും സേവനത്തിനും പ്രത്യേകം നന്ദിയർപ്പിക്കുന്നു. പുതിയ വർഷത്തിലും സഹകരണവും ക്രിയാത്മകവുമായ സമീപനവും ഉണ്ടാകണമെന്ന് പ്രത്യേകമായി അപേക്ഷിക്കുന്നു.

### നന്ദിയും സ്വാഗതവും

വിശ്വാസപരിശീലന ഫൊറോന കൗൺസിലുകളുടെ ഡയറക്ടർമാരായി ഊർജ്ജസ്വലതയോടെ പ്രവർത്തിച്ച ബഹു. വൈദീകർ ഫാ. സിബി പുത്തൻപറമ്പിൽ (ചേർത്തല), ഫാ. ആന്റോ ചാലിശ്ശേരി (എറണാകുളം), ഫാ. ബിനീഷ് പൂണോളി (കാഞ്ഞൂർ), ഫാ. ജോൺസൺ വടക്കുംഞ്ചേരി (മൂഴിക്കുളം) എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

പുതുതായി ഫൊറോനാ ഡയറക്ടർമാരായി ചുമതല ഏറ്റെടുക്കുന്ന ബഹു. വൈദീകർ ഫാ. ബിനീഷ് പൂണോളി (ചേർത്തല), ഫാ. തോമസ് നങ്ങേലിമാലിൽ (എറണാകുളം), ഫാ. തോമസ് മഴുവഞ്ചേരി (കാഞ്ഞൂർ), ഫാ. കുര്യൻ കട്ടക്കയം (മൂഴിക്കുളം) എന്നിവർക്ക് സസ്നേഹം സ്വാഗതം.

കഴിഞ്ഞ 3 വർഷക്കാലമായി വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഓഫിസ് സെക്രട്ടറിയായി സേവനം ചെയ്ത് പുതിയ പ്രവർത്തന മേഖലയിലേക്ക് പ്രവേശിച്ച ബഹു. സി. സിലി ജോസ് FCC ക്ക് യാത്രാമംഗളങ്ങളും പ്രാർത്ഥനാശംസകളും.

വിശ്വാസപരിശീലന കേന്ദ്രത്തിന്റെ പുതിയ സെക്രട്ടറിയായി ചുമതലയേൽക്കുന്ന ബഹു. സി. കിരൺ ജോസ് FCC ക്ക് സ്വാഗതം.

## വചനദീപവും വിശ്വാസപരിശീലകരും

വചനദീപത്തിന് നൽകിയിരിക്കുന്ന എല്ലാ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും എല്ലാ അദ്ധ്യാപകരും അറിയുന്നുണ്ടെന്നു ഉറപ്പ് വരുത്തണമെന്ന് ബ. വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

## മാതാപിതാക്കൾക്കുള്ള സെമിനാർ

കാറ്റിക്കിസം പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുവേണ്ടി അദ്ധ്യയന വർഷത്തിൽ ക്ലാസ്സ് സംഘടിപ്പിക്കുന്ന കാര്യം ശ്രദ്ധിക്കുമല്ലോ. നമ്മുടെ എല്ലാ ഇടവകകളിലും പാരിഷ് കാറ്റിക്കിസം കൗൺസിൽ (PCC) ഉണ്ടാകുമെന്ന് കരുതുന്നു.

# പ്രധാന പരിപാടികൾ

**ജൂൺ 2019**

| | | |
|---|---|---|
| 02 ഞായർ | : | വിശ്വാസപരിശീലന വർഷാരംഭം, പ്രവേശനോത്സവം |
| 08 ശനി | : | റഗുലർ സ്ക്കൂൾ പ്രധാനാദ്ധ്യാപകരുടെ യോഗവും സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനവും, അവാർഡുദാനവും |
| 15 ശനി | : | എക്സിക്യുട്ടീവ് യോഗം - റിന്യൂവൽ സെന്റർ, കലൂർ (10.30 am - 1.00 pm) |
| 16 ഞായർ | : | പ്രമോട്ടർമാരുടെയും ഫൊറോന സെക്രട്ടറിമാരുടെയും യോഗം റിന്യൂവൽ സെന്റർ, കലൂർ (10.00 am - 1.00 pm) |
| 30 ഞായർ | : | ഒന്നാം ക്ലാസ്സിലേക്കുള്ള ഓൺ ലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട അവസാന തീയതി. |

**ജൂലൈ 2019**

| | | |
|---|---|---|
| 03 ബുധൻ | : | ദുക്റാന - ഓഫീസ് അവധി |
| 07 ഞായർ | : | എലൈവ് - വല്ലം |

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**